കേരള സർക്കാർ

# പാലക്കുഴ ഗ്രാമപഞ്ചായത്ത്
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി9)2228/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 30.01.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാലക്കുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാലക്കുഴ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

<u>പകർപ്പ് :-</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി9)2228/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ–മെയിൽ : doekm.ksad@kerala.gov.in

തീയതി : 30.01.2017

# എറണാകുളം ജില്ലയിലെ പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. ഇതിൽ 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ഡി.സുരേഷ് രാജു,<br>ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) |
| ഓഡിറ്റ് നടത്തിയ തീയതി | 23.12.2016 മുതൽ 29.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | സി.എം.റഷീദ് ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ആർ.അനീഷ്, ഓഡിറ്റർ |
| | വി.ജെ.ജോസ് ഫിജോയ്, ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ഉഷ ശ്രീകുമാർ | 1.4.2015 | 31.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 01.11.2015 | 11.11.2015 |
| | ജോഷി സ്കറിയ | 12.11.2015 | 31.03.2016 |
| വൈസ് പ്രസിഡന്റ് | ടി.എൻ.സുനിൽ | 1.4.2015 | 31.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 01.11.2015 | 11.11.2015 |
| | ആലീസ് ഷാജു | 12.11.2015 | 31.03.2016 |

സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ്

| | | | |
|---|---|---|---|
| വികസന കാര്യം | ദിൽഷ മണികണ്ഠൻ | 1.4.2015 | 31.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 01.11.2015 | 11.11.2015 |
| | ഗോപി എൻ കെ | 12.11.2015 | 31.03.2016 |
| ക്ഷേമകാര്യം | എ.എം.ജോണി | 1.4.2015 | 31.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 01.11.2015 | 11.11.2015 |
| | ശോഭന മോഹനൻ | 12.11.2015 | 31.03.2016 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | മേരി മാത്യൂ | 1.4.2015 | 31.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 01.11.2015 | 11.11.2015 |
| | ജോസ് എൻ കെ | 12.11.2015 | 31.03.2016 |
| സെക്രട്ടറി | മധു മോഹനൻ.ഒ.ജി. | 1.4.2015 | 30.11.2015 |
| | പി എൻ രാജു ( സെക്രട്ടറി ഇൻ ചാർജ് ) | 01.12.2015 | 10.01.2016 |
| | കെ അനിമോൾ | 11.01.2016 | 31.03.2016 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ബോസ് മാത്യൂ | 1.4.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ഗിരീഷ്.പി. | 1.4.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.സുബ്രഹ്മണ്യൻനമ്പൂതിരി | 1.4.2015 | 05.02.2016 |
| | ഡോ.ജോമി ജോസഫ് | 06.02.2016 | 31.03.2016 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.രഞ്ജിനി.എസ് | 1.4.2015 | 31.3.2016 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഗായത്രി വർമ്മ | 1.4.2015 | 31.12.2015 |
| | ശ്യാമള പി എൻ | 01.01.2015 | 31.03.2016 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ | അനിൽ.കെ.ജോസ് | 1.4.2015 | 31.3.2016 |
| ഹെഡ് മാസ്റ്റർ,യു.പി.എസ് | രാജു.എം.കെ | 1.4.2015 | 31.3.2016 |
| വെറ്ററിനറി സർജൻ | ഷിബു.സി.തങ്കച്ചൻ | 1.4.2015 | 31.3.2016 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ആര്യ.സി.ഉണ്ണി | 1.4.2015 | 17.05.2015 |
| | റോസിലി തോമസ് | 18.05.2015 | 31.03.2016 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ഗീതാഞ്ജലി | 1.4.2015 | 31.3.2016 |
| അസിസ്റ്റന്റ് സെക്രട്ടറി | എസ്.ശോഭനകുമാരി | 1.4.2015 | 31.07.2015 |

| | | | |
|---|---|---|---|
| | ഒഴിവ് | 01.08.2015 | 20.08.2015 |
| | പി എൻ രാജു | 21.08.2015 | 31.03.2016 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | അങ്കണവാടി ഭൗതിക സാഹചര്യം | 1-12 |
| | ഭാഗം - 2 | |
| 13 | മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ഈടാക്കുന്നില്ല - പ്രതിവർഷം ₹.40,000/- നഷ്ടം | 2-1 |
| 14 | ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ 18,000/- രൂപ കുറവ് | 2-2 |
| 15 | 'നിലം' ആയ സ്ഥലത്ത് വാണിജ്യ കെട്ടിടത്തിന് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചു | 2-3 |
| 16 | പരസ്യനികുതി - നടപടികൾ സ്വീകരിക്കേണ്ടതാണ് | 2-4 |
| 17 | തൊഴിൽ നികുതി - അപാകതകൾ | 2-5 |
| 18 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 2-6 |
| | ഭാഗം - 3 | |
| 19 | തെരുവ് വിളക്ക് സ്ഥാപിക്കൽ ടെണ്ടറിംഗ് നടപടിയിലെ അപാകത - ₹.25,945/- നഷ്ടം | 3-1 |
| 20 | സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സ്കോളർഷിപ്പ് നൽകി ചെലവ് നിരാകരിക്കുന്നു | 3-2 |
| 21 | മരാമത്ത് വേലകൾ - സിംഗിൾ ടെണ്ടർ - റീ ടെണ്ടർ ചെയ്തില്ല | 3-3 |
| 22 | ആധികാരികത ഇല്ലാത്ത ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ | 3-4 |
| 23 | അതുല്യം പ്രൊജക്ട് - പാഠപുസ്തകം ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല | 3-5 |

| | ഭാഗം - 4 | |
|---|---|---|
| 24 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 25 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 27 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 29 | ഓഡിറ്റ് റിക്കവറി | 4-6 |
| 30 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 33 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2015-16 | അനുബന്ധം.1 |
| 34 | ബാലൻസ് ഷീറ്റ് – 2015-16 | അനുബന്ധം.2 |
| 35 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് – 2015-16 | അനുബന്ധം.3 |
| 36 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് – 2015-16 | അനുബന്ധം.4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ബജറ്റ് 18.03.2015 തീയതിയിലെ തീരുമാനം ഒന്ന് പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവു ചെലവുകളുടേയും യഥാർത്ഥ വരവു ചെലവുകളുടേയും വിവരം താഴെ ചേർക്കുന്നു.

| | വരവ് ₹ | ചെലവ് ₹ |
|---|---|---|
| ബജറ്റ് പ്രകാരം | 9,84,31,896 (മുന്നിരിപ്പുൾപ്പെടെ) | 9,40,37,000 |
| വാർഷിക കണക്കുകൾ പ്രകാരം | 3,58,47,108 (മുന്നിരിപ്പുൾപ്പെടെ) | 2,71,54,492 |
| വ്യത്യാസം | 6,25,84,788 | 6,68,82,508 |

ബജറ്റ് പ്രകാരമുള്ള വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ വലിയ അന്തരമുണ്ട്. ബജറ്റ് കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിർദ്ദേശിക്കപ്പെട്ട രീതിയിൽ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 19.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക ധനകാര്യ പത്രികയിൽ അപാകതകളില്ല. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,49,29,742 |
| വരവ് | 2,09,17,366 |
| ആകെ | 3,58,47,108 |
| ചെലവ് | 2,71,54,492 |
| നീക്കിയിരിപ്പ് | 86,92,616 |

ബാലൻസ് ഷീറ്റ് പ്രകാരം ഓഡിറ്റ് വർഷങ്ങളിൽ പിരിച്ചെടുക്കുവാൻ ബാക്കിനിൽക്കുന്ന തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| വസ്തു നികുതി | 17,13,281 |
| തൊഴിൽ നികുതി | 78,060 |

വലിയ തുകയാണ് വസ്തുനികുതി കുടിശ്ശികയായി ഉള്ളത്. പഞ്ചായത്തിന് ലഭിക്കാനുള്ള വസ്തു നികുതി, തൊഴിൽ നികുതി എന്നിവ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി (RP40b പ്രകാരം) |
|---|---|---|---|---|---|---|
| പൊതുവിഭാഗം | 1150650 | 8712954 * | 9863604 | 4596783 | (+) 3532706 | 0 |
| എസ്.സി. പി. | 733691 | 1380000 | 2113691 | 1285010 | (-) 623820 | 0 |
| ടി.എസ്. പി. | 0 | 7000 | 7000 | 7000 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 893406 | 5734000 | 6627406 | 5728013 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 295976 | 1927000 | 2222976 | 2088180 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1226738 | 2133047 | 3359785 | 3277765 | (-) 1030886 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 1878000 | 1878000 | 3756000 | 1870721 | 1878000 | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | 562 | 7457858 | 7458420 | 7456928 | 0 | 1492 |
| ബി ഫണ്ട് | 0 | 13839065 | 13839065 | 13839065 | 0 | 0 |

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം(*)ബജറ്റ് അലോക്കേഷൻ പ്രകാരമുള്ള തുകയാണ് വരവാണ് എടുത്തിട്ടുള്ളത്. വരവ്, ചെലവ് എന്നിവയിൽ ട്രാൻസ്ഫർ ക്രഡിറ്റ് തുകകളും, എം.എൻ.ആർ.ഇ.ജി.എസ്., ബി. ഫണ്ട് തുകകളിൽ ഇ.എഫ്.എം.എസ് വഴി ട്രാൻസ്ഫർ ചെയ്ത തുകകളും ഉൾപ്പെടുത്തിയിട്ടുണ്ട്.
ചെലവഴിക്കാതെ പോയ തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഫണ്ട് | ചെലവഴിക്കാതെ പോയ തുക |
|---|---|
| വികസന ഫണ്ട് (ജനറൽ) | 5266821 |
| വികസന ഫണ്ട്(എസ്.സി.പി) | 828681 |
| വികസന ഫണ്ട്(ടി.എസ്.പി) | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 899393 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 134796 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 82020 |
| ലോക ബാങ്ക് സഹായം | 7279 |
| ആകെ | 7218990 |

വിവിധ ഫണ്ടിനങ്ങളിലായി 7218990രൂപ ചെലവഴിക്കാതെ പോയി. കൂടുതൽ പ്രൊജക്ടുകൾ തയ്യാറാക്കി മുഴുവൻ തുകയും ചെലവഴിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 142 | 2,63,88,248 | 125 | 1,96,70,683 | 14 | 3 | 88 |

ഏറ്റെടുക്കുന്ന മുഴുവൻ പ്രോജക്ടുകളും അതാതു വർഷം തന്നെ പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 51.60ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|

| | | | | (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 24,41,454 | 18,59,307 | 5,82,147 | (-) 23.84 |
| നികുതിയേതര വരവുകൾ | 5,10,229 | 3,96,472 | 1,13,757 | (-)22.29 |
| മറ്റുവരവുകൾ | 71,740 | 67,815 | 3,925 | (-)5.47 |
| ആകെ | 30,23,423 | 23,23,594 | 6,99,829 | (-)51.60 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 80,160 | 45 |
| കർഷകതൊഴിലാളി പെൻഷൻ | 24,14,130 | 315 |
| വിധവാപെൻഷൻ | 41,88,680 | 390 |
| വാർദ്ധക്യകാല പെൻഷൻ | 53,59,065 | 512 |
| ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 1,18,100 | 105 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 4,47,760 | 46 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 1,20,000 | 4 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് 23.12.2016ന് ഹെഡ് ക്ലർക്കിന്റെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയിൽ 26413/-രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങളെ സംബന്ധിച്ചുള്ള പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു :-

1. വസ്തുനികുതി പിരിവ് : 2015-16 വർഷം ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതി 1713281/- രൂപ പിരിച്ചെടുക്കുവാൻ ബാക്കി നിൽക്കുന്നുണ്ട്. കുടിശ്ശികയായിട്ടുള്ള വസ്തു നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2. തൊഴിൽ നികുതി : 2015-16 വർഷം ബാലൻസ് ഷീറ്റ് പ്രകാരം തൊഴിൽ നികുതി 78060/- രൂപ പിരിച്ചെടുക്കുവാൻ ബാക്കി നിൽക്കുന്നുണ്ട്. കുടിശ്ശികയായിട്ടുള്ള തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3. ഡി&ഒ ലൈസൻസ് : വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ തുടർവർഷങ്ങളിൽ ആരെല്ലാം ലൈസൻസ് പുതുക്കുന്നുണ്ടെന്ന് വ്യക്തമല്ല. ലൈസൻസ്

അപേക്ഷകൾ നിയമാനുസൃത രീതിയിൽ പരിശോധിച്ച് നിർദ്ദിഷ്ട ഫീസ് ഈടാക്കി ലൈസൻസ് പുതുക്കേണ്ടതാണ്.

4. പേഴ്സണൽ രജിസ്റ്റർ (തൻപതിവേട്): തപാലുകൾ ലഭിക്കുന്നത് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിലും ആയത് തീർപ്പാക്കിയതിന്റെ വിവരം പലതിലും രേഖപ്പെടുത്തിയിട്ടില്ല. ഒരു രജിസ്റ്ററിലും മാസാവസാനം തന്മാസം തീർപ്പാക്കിയതും ഇനി തീർപ്പാക്കാനുമുള്ള ഫയലുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പേഴ്സണൽ രജിസ്റ്ററുകൾ A3, A6 സെക്ഷനുകൾ മാത്രമാണ് എഴുതി സൂക്ഷിക്കുന്നത്. പേഴ്സണൽ രജിസ്റ്ററുകൾ മേലധികാരികൾക്ക് സമർപ്പിക്കുന്നില്ല.

5. ഇൻകുമ്പൻസി രജിസ്റ്റർ , ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല, ആയത് എഴുതി സൂക്ഷിക്കേണ്ടതാണ്

6. ഓഫീസ് മീറ്റിംഗ് സമയ ബന്ധിതമായി കൂടുന്നില്ല. ഓഡിറ്റ് കാലയളവിൽ 14.12.2015ൽ ഒരു ഓഫീസ് മീറ്റിംഗ് മാത്രമാണ് കൂടിയത് . മീറ്റിംഗ് സമയബന്ധിതമായി കൂടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് .

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.09.2016 | 08/2016 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.03.2014 | 2008-09 മുതൽ 2012-13 വരെ | 15.05.2014 |

# 1-12 അങ്കണവാടികൾ - ഭൗതിക സാഹചര്യങ്ങൾ അപര്യാപ്തം

ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതിക സാഹചര്യം അപര്യാപ്തമാണ്. വിശദ വിവരം താഴെ ചേർക്കുന്നു :-

| | |
|---|---|
| അങ്കണവാടികളുടെ എണ്ണം | 15 |
| സ്വന്തം കെട്ടിടം | 11 |
| വാടക കെട്ടിടം | 1 |
| പൊതു കെട്ടിടം | 1 |
| സ്കൂൾ കെട്ടിടം | 2 |
| ബേബി ഫ്രണ്ടലി ടോയ്ലെറ്റ് ഇല്ലാത്തത് | 12 |
| വൈദ്യുതി കണക്ഷൻ ഇല്ലാത്തത് | 3 |
| വാട്ടർ കണക്ഷൻ ഇല്ലാത്തത് | 1 |
| പാചക സൗകര്യം ഇല്ലാത്തത് | 2 |
| ചുറ്റുമതിൽ ഇല്ലാത്തത് | 2 |

| | |
|---|---|
| ടീച്ചർ ഇല്ലാത്തത് | 1 |
| ഹെൽപ്പർ ഇല്ലാത്തത് | 1 |
| അപകടകരമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 1 |

അങ്കണവാടികളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിനും, നിലവാരം ഉയർത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ് .

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ഈടാക്കുന്നില്ല - പ്രതിവർഷം 40000/- രൂപ നഷ്ടം

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.09.2012 ലെ ജി.ഒ.(ആർ.ടി.) 2540/2012 / സ.ഉ. പ്രകാരം ബി.എസ്.എൻ.എൽ. മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ബി.എസ്.എൻ.എൽ.-ന്റെ രണ്ട് മൊബൈൽ ടവറുകൾ ഉണ്ടെങ്കിലും വസ്തു നികുതി ഈടാക്കിയിട്ടില്ല. വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | മൊബൈൽ ടവർ | കെട്ടിട നം | വിസ്തീർണ്ണം | ഈടാക്കേണ്ട നികുതി (വസ്തു നികുതി വിജ്ഞാപനം A 2 – 2755/ 2011 / 23.09.2011) |
|---|---|---|---|---|
| 1 | അമ്പലം കുന്ന് | 12/107 | 40 $M^2$ | ₹.20,000/- (@500/$M^2$) |
| 2 | നോർത്ത് പാലക്കുഴ | ലഭ്യമല്ല (കെട്ടിട നം ലഭ്യമാക്കണം ) | 40 $M^2$ | ₹.20,000/- (@500/$M^2$) |
| ആകെ | | | | ₹.40,000/- |

ഈ ബി.എസ്.എൻ.എൽ ടവ്വറുകളുടെ വസ്തുനികുതി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 ഡി &ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ 18000 രൂപ കുറവ്

കേരള പഞ്ചായത്ത് രാജ് ( ആപൽക്കരവും , അസഹ്യവുമായ വ്യാപാരങ്ങൾക്കും , ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ 1996 ലെ ചട്ടം 7 പ്രകാരം 100000 മുകളിൽ വിറ്റ് വരവുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീസായ പരമാവധി 4000 രൂപ ഈടാക്കേണ്ടതാണ് . എന്നാൽ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് സംഭവിച്ചു.

| ക്രമ നം | സ്ഥാപനം /ഉടമ | ലൈസൻസ് നമ്പർ | ഈടാക്കിയ നികുതി | ഈടാ ക്കേണ്ട | കുറവ് | റിമാർക്സ് |
|---|---|---|---|---|---|---|

| | | | രസീത് നം., തീയതി | നികുതി | | |
|---|---|---|---|---|---|---|
| 1 | സെൻറ് ജോർജ് ഫ്യൂവൽസ്, ആറ്റൂർ . | 07/15-16 | 1000/- 1403103500 04.03.15 | 4000/- | 3000/- | വിറ്റ് വരവ് രേഖപ്പെടുത്തിയിട്ടില്ല. സ്ഥിര നിക്ഷേപത്തിന്റെ 5% 100000/- രൂപക്ക് മുകളിലായതിനാൽ ചട്ടം 7 , പട്ടിക II പ്രകാരം സ്ഥിര നിക്ഷേപത്തിന്റ അടിസ്ഥാനത്തിൽ വിറ്റ് വരവ് കണക്കാക്കി. മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് നമ്പർ.PCB/EKM /DO2/IC-F/ 267/2014 |
| 2 | മൂൺസ്റ്റാർ ഫ്യൂവൽസ് , എം സി റോഡ് | 72/15-16 | 1000/- 11503100607 10-08-15 | 4000/- | 3000/- | വിറ്റ് വരവ് 100000/- |
| 3 | റോക്ക് ക്വാറി , കോഴിപ്പിള്ളി . | 31/15-16 | 1000/- 11503100104 28-04-15 | 4000/- | 3000/- | അപേക്ഷ പ്രകാരം വിറ്റ് വരവ് രേഖപ്പെടുത്തിയിട്ടില്ല . സ്ഥിര നിക്ഷേപത്തിന്റെ 5% 100000/- രൂപക്ക് മുകളിലായതിനാൽ ചട്ടം 7 , പട്ടിക II പ്രകാരം സ്ഥിര നിക്ഷേപത്തിന്റ അടിസ്ഥാനത്തിൽ വിറ്റ് വരവ് കണക്കാക്കി. മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് നമ്പർ PCB/EKM/ DO2/ICO- QR/R2/33/2015 |
| 4 | യുണൈറ്റഡ് മെറ്റൽസ് , വടക്കൻ | 61/15-16 | 1000/- 11503100396 26-06-15 | 4000/- | 3000/- | സ്ഥിര നിക്ഷേപത്തിന്റെ 5% 100000/- രൂപക്ക് |

| | | | | | | |
|---|---|---|---|---|---|---|
| | പാലക്കുഴ . | | | | | മുകളിലായതിനാൽ ചട്ടം 7 , പട്ടിക II പ്രകാരം സ്ഥിര നിക്ഷേപത്തിന്റ അടിസ്ഥാനത്തിൽ വിറ്റ് വരവ് കണക്കാക്കി. മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് നമ്പർ PCB/RO-EKM /EKM/ICO-25/14 |
| 5 | സാബു വർഗീസ്, കരിങ്കൽ ക്വാറി , കരിമ്പന . | 30/15-16 | 1000/- 11503100033 22-04-15 | 4000/- | 3000/- | സ്ഥിര നിക്ഷേപത്തിന്റെ 5% 100000/- രൂപക്ക് മുകളിലായതിനാൽ ചട്ടം 7 , പട്ടിക II പ്രകാരം സ്ഥിര നിക്ഷേപത്തിന്റ അടിസ്ഥാനത്തിൽ വിറ്റ് വരവ് കണക്കാക്കി. മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് നമ്പർ PCB/EKM/ BO2/ICO-QR/R1/23/2015 |
| 6 | എ ജെ ബാബു കരിങ്കൽ ക്വാറി , കരിമ്പന . | 42/15-16 | 1000/- 11503100228 31-05-15 | 4000/- | 3000/- | സ്ഥിര നിക്ഷേപത്തിന്റെ 5% 100000/- രൂപക്ക് മുകളിലായതിനാൽ ചട്ടം 7 , പട്ടിക II പ്രകാരം സ്ഥിര നിക്ഷേപത്തിന്റ അടിസ്ഥാനത്തിൽ വിറ്റ് വരവ് കണക്കാക്കി. മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് നമ്പർ PCB/EKM/DO2/ICO-QR/6/52/2015 |
| | ആകെ | | | | 18000/- | |

മേൽ വിശദീകരിച്ച പ്രകാരം ഡി & ഒ ഫീസിനത്തിൽ കുറവ് വന്ന 18,000/- രൂപ

ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കേണ്ടതാണ്. പ്രിൻസ് പോൾ ജോൺ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള റോക്ക് ക്വാറിക്ക് (ക്രമ നം.3) (കരിങ്കൽ ക്വാറി, ലൈസൻസ് നം.31/15-16) 09/02/15 വരെ മാത്രമാണ് മൈനിംഗ് & ജിയോളജിയുടെ ക്വാറി പെർമിറ്റ് ഉണ്ടായിരുന്നത്. എന്നാൽ, 31.03.2016 വരെ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. മാത്രവുമല്ല സ്ഥാപനങ്ങൾ ലൈസൻസ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് ചട്ടം 10 പ്രകാരമുള്ള കാല പരിധിക്കുള്ളിലല്ല . മൈനിംഗ് & ജിയോളജിയുടെ പെർമിറ്റ് ഇല്ലാതെ ലൈസൻസ് നീട്ടി നൽകിയത് ചട്ടങ്ങൾക്ക് വിരുദ്ധമാണ്. കരിങ്കൽ ക്വാറികൾക്ക് ലൈസൻസ് നൽകുന്ന കാലയളവിലേക്ക് സാധുവായ മൈനിംഗ് & ജിയോളജിയുടെ പെർമിറ്റ് ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 2-3 'നിലം' ആയ സ്ഥലത്ത് വാണിജ്യ കെട്ടിടത്തിന് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചു

പാലക്കുഴ വില്ലേജിൽ സർവ്വേ നം.265/3ൽ നിലം വിഭാഗത്തിൽപ്പെട്ട സ്ഥലത്ത് വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണം നടത്തുന്നതിനായി ലഭിച്ച അപേക്ഷയിൽ ബിൽഡിംഗ് പെർമിറ്റ് സെക്രട്ടറി അനുവദിച്ചതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| അപേക്ഷകന്റെ പേര് , വിലാസം | ബിനു മാർക്കോസ് , വൻപിള്ളിൽ , പാലക്കുഴ പി.ഒ |
| ബിൽഡിംഗ് പെർമിറ്റ് നമ്പർ , തീയതി | 26/2015-16 , 09.07.15 |
| കെട്ടിടത്തിന്റെ വിഭാഗം | വാണിജ്യ കെട്ടിടം |
| വിസ്തീർണ്ണം | 293.17 എം സ്ക്വയർ |
| വസ്തുവിന്റെ സർവ്വേ നമ്പർ , വിസ്തീർണ്ണം | പാലക്കുഴ വില്ലേജ് സർവ്വേ 265/3 ,8.25 സെന്റ് |
| വസ്തുവിന്റെ തരം(വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രപ്രകാരം) | നിലം (WET), സാക്ഷ്യപത്രം നം 10838672/16.03.2015 |

തദ്ദേശ സ്വയംഭരണ (ആർ.എ) വകുപ്പ് നം.1663/ആർ.എ1/2013/ത.സ്വ.ഭ.വ തീയതി 05.02.2013 നമ്പർ സർക്കുലർ പ്രകാരം മറ്റ് ഭൂമി ഇല്ലാത്തവരെ സഹായിക്കുന്നതിന് വീട് നിർമ്മിക്കുവാൻ മാത്രമാണ് 'നിലം' ആയിരുന്ന സ്ഥലങ്ങളിൽ കെട്ടിട നിർമ്മാണം നിലം കമ്മിറ്റിയുടെ അനുമതിയോടെ നടത്താവുന്നത്. എന്നാൽ നിലം കമ്മിറ്റിയുടെ അനുമതിയില്ലാതെയാണ് ഈ പെർമിറ്റ് നൽകിയിരിക്കുന്നത്. കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിൽ (No PKB/13/15-16 , തീ. 11.6.16) നെൽകൃഷി ഒഴികെയുള്ള മറ്റ് പുരയിട കൃഷിക്ക് ഈ സ്ഥലം അനുയോജ്യമാണെന്നും. വിവിധ മരങ്ങൾ ഇവിടെയുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. വില്ലേജ് ഓഫീസറും ഇക്കാര്യം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് (402/15 , തീ.17.6.15). നിലം എന്ന് സർവ്വേ രേഖകളിൽ രേഖപ്പെടുത്തിയ മേൽപ്പറഞ്ഞ വസ്തുവിൽ വാണിജ്യ കെട്ടിട നിർമ്മാണം നടത്തുന്നതിന് സെക്രട്ടറി ചട്ടവിരുദ്ധമായി അനുമതി നൽകിയിട്ടുണ്ട്. ഈ നടപടി പുനപരിശോധിക്കേണ്ടതും , യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-4 പരസ്യനികുതി - നടപടികൾ സ്വീകരിക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 209 പ്രകാരം പഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്ക് പരസ്യ നികുതി ഈടാക്കുന്നതിന് പഞ്ചായത്തിന് അധികാരമുണ്ട്. 18.03.2015ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച 2015-16 വർഷത്തെ ബജറ്റിൽ പരസ്യനികുതിയിനത്തിലുള്ള പ്രതീക്ഷിത വരവ് 25000/- രൂപയാണെങ്കിലും തൻവർഷം ഈയിനത്തിൽ വരവൊന്നുമില്ല. പഞ്ചായത്തിലെ വിവിധ വാർഡുകളിലൂടെ എം.സി.റോഡ്

ഉൾപ്പെടെയുള്ള റോഡുകൾ കടന്നു പോകുന്നുണ്ട്. ഇതിന് ഇരുവശവും, മറ്റ് സ്ഥലങ്ങളിലുമുള്ള പരസ്യങ്ങളിൽ നിന്ന് പരസ്യനികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തി പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി - അപാകതകൾ

പഞ്ചായത്തിന്റെ പരിധിയിൽ പ്രവൃത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ / ജീവനക്കാരുടെ / പ്രൊഫഷണലുകൾ എന്നിവരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിവരങ്ങൾ താഴെ ചേർക്കുന്നു:-

(എ) സ്ഥാപന തൊഴിൽ നികുതി അടക്കാത്ത സ്ഥാപനങ്ങൾ

(i) ഇൻഫന്റ് ജീസസ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ , കുത്താട്ടുകുളം
(ii) മിൽക്ക് സൊസൈറ്റി , കാരമല
(iii) മിൽക്ക് സൊസൈറ്റി , മാറിക
(iv) മിൽക്ക് സൊസൈറ്റി , പാലക്കുഴ
(v) റേഷൻകടകൾ

(ബി) തൊഴിൽ നികുതി അടക്കാത്ത മറ്റുള്ളവർ

(i) അഡ്വക്കേറ്റമാർ
(ii) ഡോക്ടർമാർ
(iii) ആർക്കിടെക്ടുകൾ
(iv) മരാമത്ത് പ്രവൃത്തികളേറ്റെടുത്തു നടത്തുന്ന കരാറുകാർ

മേൽ സൂചിപ്പിച്ചവരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 2-6 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

പഞ്ചായത്തിൽ രസീതുകളുടെ ഉപയോഗത്തിലും, ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പിലും കണ്ട അപാകതകൾ താഴെ കൊടുക്കുന്നു. റദ്ദാക്കുന്ന പല രസീതുകളുടെയും അസ്സലും പകർപ്പും സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

1.

| രസീത് ബുക്ക് നം | രസീത് നം |
|---|---|
| 44823 | 82-100 |
| 44824 | 84-100 |
| 44825 | 45-100 |

2. സർക്കാർ ഉത്തരവ് നമ്പർ 48544/എബി.1/13 തസ്വഭവ തീയതി 22.04.14 പ്രകാരം റദ്ദാക്കുന്ന സാംഖ്യ രസീതുകൾ, സ്റ്റേഷനറികൾ (ഉപയോഗ ശൂന്യമായവ അഥവാ കേടുപാടുകൾ പറ്റുന്നവ) മേലധികാരി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നില്ല.
   റദ്ദ് ചെയ്തിട്ടും സെക്രട്ടറി സാക്ഷ്യപ്പെടുത്താത്ത സാംഖ്യ ക്യാഷ് രസീത് സ്റ്റേഷനറികൾക്ക് ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.
   3912027, 3912028, 3912029, 3912030, 3912036, 3912100, 3912146, 3912171, 8679000, 8678601, 8678610 .
3. സാംഖ്യ ക്യാൻസൽഡ് റസീപ്റ്റ് റിപ്പോർട്ട് അതാതു ദിവസം പ്രിന്റ് എടുത്ത് കൃത്യത ഉറപ്പാക്കി മേലാധികാരി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഇവയുടെ പ്രിന്റുകൾ എടുത്തു വയ്ക്കുകയോ, സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല .
   മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവ് വിളക്ക് സ്ഥാപിക്കൽ ടെണ്ടറിംഗ് നടപടിയിലെ അപാകത - 25945 രൂപ നഷ്ടം

പഞ്ചായത്ത് 2015 – 16 ൽ നടപ്പാക്കിയ തെരുവ് വിളക്ക് സ്ഥാപിക്കൽ എന്ന പ്രൊജക്ട് നിർവ്വഹണത്തിന് കുറഞ്ഞ തുകയ്ക്ക് പകരം ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ സ്വീകരിച്ചതിനാൽ 25,945/- രൂപയുടെ നഷ്ടം പഞ്ചായത്തിനുണ്ടായി. പ്രൊജക്ടിന്റെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു :-

| | |
|---|---|
| പ്രൊജക്ട് നം | എസ് ഒ 175/16 |
| പ്രൊജക്ടിന്റെ പേര് | തെരുവ് വിളക്ക് സ്ഥാപിക്കൽ |
| അംഗീകാരം | DDP/EKM/F/16432/2014(3)/19.01.2016 |
| അടങ്കൽ | 178000 രൂപ |
| ഫണ്ടിനം | ലോക ബാങ്ക് |

പ്രൊജക്ട് നിർവ്വഹണത്തിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു
ദർഘാസ് പരസ്യം ( Window no. G 34683/2016 ) A3 – 175/2015-16 / 22.01.2016 പ്രകാരം 85 വാട്ട് സി എഫ് എൽ ബൾബുകൾ വിതരണം ചെയ്യുന്നതിന് ടെണ്ടറുകൾ ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 4 ടെണ്ടറുകൾ ലഭിക്കുകയും ചെയ്തു .

| സ്ഥാപനത്തിന്റെ പേര് | ടെണ്ടർ സമർപ്പിച്ച | രേഖപ്പെടുത്തിയ തുക | റിമാർക്ക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | തിയതി | | |
| കോ - ഓപ്പറേറ്റീവ് ഇലക്ട്രിക്കൽ & പ്ലംബിംഗ് , കൂത്താട്ടുകുളം ( കോ - ഓപ്പറേറ്റീവ് സൊസൈറ്റി ) | 15.02.2016 | 1,664/- | 85 വാട്ട് ബൾബുകൾ കൂടാതെ 45 വാട്ട് ബൾബുകൾക്ക് 1539 രൂപയും ടെണ്ടറിൽ ക്വോട്ട് ചെയ്തിരിക്കുന്നു . |
| കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് , തിരുവനന്തപുരം | 15.02.2016 | 2,500/- | |
| എഡിസൺ ഇലക്ട്രിക്കൽസ്, തിരുവാങ്കുളം | 15.02.2016 | 2,485/- | |
| കാവനാൽ ലൈറ്റ് ഹൗസ് , തൊട്ടുപുഴ | 15.02.2016 | 1,775/- | |

ടെണ്ടർ , വാങ്ങൽ എന്നിവയിലെ അപാകതകൾ താഴെ ചേർക്കുന്നു .

1.ടെണ്ടർ ക്ഷണിച്ചത് 85 വാട്ട് സി എഫ് എൽ ബൾബുകൾ വിതരണം ചെയ്യുന്നതിനാണെങ്കിലും പഞ്ചായത്ത് 45 വാട്ട് സി എഫ് എൽ ബൾബുകളും വാങ്ങി. ടെണ്ടർ നോട്ടീസിൽ ഉൾപ്പെടാത്ത ഇനം വാങ്ങിയത് ടെൻഡർ നടപടികൾ മറികടന്ന് വാങ്ങിയതിന് തുല്യമായതിനാൽ ഗുരുതരമായ അപാകതയാണ് .

2. ടെണ്ടറിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയത് കോ - ഓപ്പറേറ്റീവ് ഇലക്ട്രിക്കൽ & പ്ലംബിംഗ് , കൂത്താട്ടുകുളം എന്ന സ്ഥാപനമാണെങ്കിലും ടെണ്ടർ ഉറപ്പിച്ച് സാധനങ്ങൾ വാങ്ങിയത് എഡിസൺ ഇലക്ട്രിക്കൽസ്, തിരുവാങ്കുളം എന്ന സ്ഥാപനത്തിൽ നിന്നാണ് . പഞ്ചായത്ത് സ്ഥാപനവുമായി 22.02.2016 ൽ നെഗോഷ്യേറ്റ് ചെയ്ത് 85 വാട്ട് സി എഫ് എൽ ബൾബ് 1995 രൂപ , 45 വാട്ട് സി എഫ് എൽ ബൾബ് 1770 രൂപ എന്നീ വില നിശ്ചയിക്കുകയും , 22.02.2016 ലെ V(2) കമ്മറ്റി തീരുമാന പ്രകാരം എ3 – 828/ 16 / 29.02.2016 നം പർച്ചേയ്സ് ഓർഡർ നൽകുകയും യഥാക്രമം 40, 55 എണ്ണം വാങ്ങുകയും ചെയ്തു .( എഗ്രിമെന്റ് നം 03/2015 – 16 ) .

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയായ ജി.ഒ.(പി) 259/2010 എൽ.എസ്.ജി.ഡി. / 08.11.2010 പ്രകാരം ടെണ്ടറുകൾ സമർപ്പിക്കുന്നവരുമായി നെഗോഷ്യേഷൻ നടത്താൻ പാടില്ല. നെഗോഷ്യേഷൻ നടത്തിയത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്. കൂടാതെ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കോ-ഓപ്പറേറ്റീവ് ഇലക്ട്രിക്കൽ & പ്ലംബിംഗിന്റെ ടെണ്ടർ സ്വീകരിക്കാതിരുന്നതിനാൽ താഴെ പറയും പ്രകാരം 25,945/- രൂപയുടെ നഷ്ടം സംഭവിച്ചു .

| ഇനം | വാങ്ങിയ വില | ടെണ്ടറിലെ കുറഞ്ഞ വില | വ്യത്യാസം | നഷ്ടം |
|---|---|---|---|---|
| 85 വാട്ട് സി എഫ് എൽ | 1,995 | 1,664 | 331 | 13,240/- |
| 45 വാട്ട് സി എഫ് എൽ | 1,770 | 1,539 | 231 | 12,705/- |
| ആകെ നഷ്ടം | | | | 25,945/- |

ചെലവിന്റെ വിശദ വിവരങ്ങൾ

| | | |
|---|---|---|
| എഡിസൺ ബിൽ നം | 28/16.03.2016 | 1,58,150/- |
| | LB-43/16.03.2016 | 19,000/- |
| ഡി ഡി നം | 073145 | 1,77,150/- |

താഴെ പറയുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1. എഡിസൺ ഇലക്ട്രിക്കൽസിന് നൽകിയ ഡി ഡി യുടെ പകർപ്പ് / ഡി ഡി യുടെ തീയതി.
2. എഡിസൺ ഇലക്ട്രിക്കൽസിനെ നിർവ്വഹണത്തിന് തിരഞ്ഞെടുത്ത കമ്മറ്റി തീരുമാനം / പ്രൊക്വർമെന്റ് കമ്മറ്റി തീരുമാനം .
3. ലൈറ്റുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.-യിൽ നിന്ന് വാങ്ങിയ അനുമതി പത്രം (എഗ്രിമെന്റ് പ്രകാരം പഞ്ചായത്തിന്റെ ചുമതല )
4. പോസ്റ്റുകളിൽ ഉണ്ടായിരുന്ന പഴയ ഉപകരണങ്ങളുടെ ഇനം എണ്ണം , വിനിയോഗം.

നഷ്ടം വന്ന 25,945/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ് .

## 3-2 സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സ്കോളർഷിപ്പ് നൽകി - ചെലവ് നിരാകരിക്കുന്നു

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് പ്രൊജക്ട് ആവിഷ്കരിക്കുകയും പ്രതിമാസം 540 രൂപ നിരക്കിൽ സ്കോളർഷിപ്പ് നൽകുകയും ചെയ്തു . എന്നാൽ സബ്സിഡി മാർഗ്ഗരേഖ [ജി.ഒ.(എം.എസ്.) 362/2013/തസ്വഭവ 16.11.2013] പ്രകാരം താഴെ പറയുന്ന വിദ്യാർത്ഥിക്ക് സ്കോളർഷിപ്പിന് അർഹതയില്ല .

പ്രൊജക്ടിന്റെ വിശദാംശങ്ങൾ

| | |
|---|---|
| പ്രൊജക്ട് | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് |
| പ്രൊജക്ട് നം | 16/15-16 |
| അടങ്കൽ | 173000 |
| ചെലവ് | 86500 |
| ബിൽ നം | 04/15-16. തീ. 23/03/16 |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

പ്രൊജക്ടിന്റെ ഭാഗമായി സുലീഷ് സണ്ണി, പള്ളിക്കുന്നേൽ, കാരമല(പി.ഒ.) എന്ന വിദ്യാർഥിക്ക് 10 മാസത്തെ സ്കോളർഷിപ്പ് തുകയായി 5400/- രൂപ ഡി.ഡി.നം. 073766/06.04.16 മുഖാന്തിരം നൽകി. എന്നാൽ ഇൻഫോ ലൈൻ എന്ന സ്ഥാപനത്തിൽ രണ്ട് മാസത്തെ കോഴ്സ് ചെയ്യുന്നതിന്റെ സർട്ടിഫിക്കറ്റാണ് അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ളത്. പ്രസ്തുത സ്ഥാപനം ഒരു ഗവ: അംഗീകൃത സ്ഥാപനവും അല്ല. മാത്രവുമല്ല പ്രസ്തുത കോഴ്സ് സബ്സിഡി മാർഗ്ഗരേഖ പ്രകാരം അംഗീകൃത കോഴ്സ് അല്ലാത്തതിനാൽ 5,400/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

# 3-3 മരാമത്ത് വേലകൾ - സിംഗിൾ ടെണ്ടർ - റീ ടെണ്ടർ ചെയ്തില്ല

പഞ്ചായത്ത് 2015–16 ൽ ടെണ്ടർ നോട്ടീസ് നം 6/AE/PLKA/LSGD/2015-16 തീയതി 25.09.2015 പ്രകാരം 03.10.2015 ൽ നടത്തിയ ടെണ്ടറിൽ 6 മരാമത്ത് പ്രവൃത്തികൾക്ക് സിംഗിൾ ടെണ്ടർ ആണ് ലഭിച്ചത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ടിന്റെ പേര് | കരാറുകാരന്റെ പേര് | രേഖപ്പെടുത്തിയ നിരക്ക് |
|---|---|---|---|
| 1 | വെള്ളിലാംതടം കോച്ചൂർനിരപ്പ് റോഡ് | സി.കെ.സുകുമാരൻ | 0.01 കുറവ് |
| 2 | കാട്ടിൽ കോളനി റോഡ് കോൺക്രീറ്റിംഗ് | കെ എസ് ഉണ്ണിക്കൃഷ്ണൻ | 0.1 കുറവ് |
| 3 | കാനമല റോഡ് കോൺക്രീറ്റിംഗ് | ബിജു ജോസഫ് | 0.01 കുറവ് |
| 4 | ആലയ്ക്കാത്തടം - അമ്പാട്ടുതാഴം റോഡ് സംരക്ഷണ ഭിത്തി | എ ടി ജോസഫ് | 0.01 കുറവ് |
| 5 | വാർഡ് 9 കിണറിന് സ്ലാബ് | സി വി സുകുമാരൻ | 0.01 കുറവ് |
| 6 | പഞ്ചായത്തോഫീസ് മെയിന്റനൻസ് | സി എസ് ഷാജു | 0.01 കുറവ് |

ഇക്കാര്യം ചൂണ്ടിക്കാട്ടിയും , സിംഗിൾ ടെണ്ടർ ആയതിനാൽ റീ ടെണ്ടർ ചെയ്യേണ്ടതാണെന്ന് അറിയിച്ചു കൊണ്ടും അസിസ്റ്റന്റ് എഞ്ചിനീയർ 03.10.2015 ന് 1/AE/15-16 പ്രകാരം പഞ്ചായത്തിന് കത്ത് നൽകി . ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം പ്രസ്തുത മരാമത്ത് പ്രവൃത്തികൾ നടപ്പാക്കി .

| നം | പ്രൊജക്ടിന്റെ പേര് | പ്രൊജക്ട്നം | ചെലവ് |
|---|---|---|---|
| 1 | വെള്ളിലാംതടം കോച്ചൂർനിരപ്പ് റോഡ് | 161/16 | 2,32,372 |
| 2 | കാട്ടിൽ കോളനി റോഡ് കോൺക്രീറ്റിംഗ് | 162/16 | 72,307 |
| 3 | കാനമല റോഡ് കോൺക്രീറ്റിംഗ് | 123/16 | 79,871 |
| 4 | ആലയ്ക്കാത്തടം - അമ്പാട്ടുതാഴം റോഡ് സംരക്ഷണ ഭിത്തി | 163/16 | 2,95,511 |
| 5 | വാർഡ് 9 കിണറിന് സ്ലാബ് | 90/16 | 67,055 |
| 6 | പഞ്ചായത്തോഫീസ് മെയിന്റനൻസ് | 88/16 | 3,92,611 |

ധനകാര്യ വകുപ്പിന്റെ ജി.ഒ.(പി) നം. 324/2015/ഫിൻ തീയതി 30.07.2015 പ്രകാരം സിംഗിൾ ടെണ്ടർ സ്വീകരിക്കാൻ പാടില്ല. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥ പാലിക്കാത്തത് സംബന്ധിച്ച് പരിശോധിക്കേണ്ടതും യുക്തമായ നടപടി സ്വീകരിക്കേണ്ടതുമാണ് .

# 3-4 ആധികാരികത ഇല്ലാത്ത ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ

1998-ലെ ബയോ ഡൈവേഴ്സിറ്റി ചട്ടങ്ങളിലെ ചട്ടം 20(7) പ്രകാരം പാലക്കുഴ ഗ്രാമപഞ്ചായത്തിൽ ബയോ ഡൈവേഴ്സിറ്റി ബോർഡ് തയ്യാറാക്കിയ ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ ആധികാരികമോ സമഗ്രമോ അല്ല. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു:-

| | |
|---|---|
| പ്രൊജക്ട് നം | SO110/16 (മുൻ പ്രൊജക്ട് നം S 0146/15) |
| പ്രൊജക്ടിന്റെ പേര് | ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ |

പ്രൊജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ .

(i) പ്രൊജക്ട് നം S 0146/15 പ്രകാരം പ്രൊജക്ടിന്റെ അടങ്കൽ താഴെ പറയും പ്രകാരമാണ് .

| ഫണ്ടിനം | തുക |
|---|---|
| വികസന ഫണ്ട് | 56,703/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 75,543/- |
| ആകെ | 1,32,246/- |

തദ്ദേശ സ്വയംഭരണ വകപ്പിന്റെ 30.11.2013 ലെ സ.ഉ.(സാധാ) 2945/2013/തസ്വഭവ പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കുന്നതിന് അനുവദിക്കാവുന്ന തുക 125000/- രൂപയാണ് . പ്രസ്തുത തുകയെ അധികരിച്ച് അടങ്കൽ തയ്യാറാക്കിയത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്. കൂടാതെ SO110/16 നം പ്രൊജക്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(ii) പ്രൊജക്ടിന്റെ 2015 – 16 ലെ ആകെ ചെലവ് 15615/- രൂപയാണ് . വിശദ വിവരം താഴെ കൊടുക്കുന്നു .

| ബിൽ നം | തുക |
|---|---|
| 18/15-16, 21.10.2015 | 11915/- |
| 45/15-16, 29.03.2016 | 3700/- |

(iii) വിവരം നൽകിയവരുടെ പേരുകൾ അപൂർണ്ണം

ജൈവ വൈവിധ്യത്തെക്കുറിച്ച് വിവരം നൽകിയ ആളുകൾ ആര് എന്ന് വ്യക്തമല്ല. ഭൂരിഭാഗം സ്ഥലങ്ങളിലും മുതിർന്ന പൗരൻ എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് രജിസ്റ്ററിന്റെ ആധികാരികത ചോദ്യം ചെയ്യുന്നതാണ് .

(iv) പേജുകൾ അപൂർണ്ണം

| | |
|---|---|
| 1.6 | ശേഖരണത്തെ സംബന്ധിച്ച വിവരങ്ങൾ |
| 1.9 | പഠന സംഘത്തെ സംബന്ധിച്ച വിവരങ്ങൾ |

(v) ആധികരികത ഇല്ലാത്ത വിവരങ്ങൾ

(a) ഖണ്ഡിക 2.2 പ്രകാരം പഞ്ചായത്തിലെ എല്ലാ വാർഡിലും ചെറി , ലോലിക്ക എന്നിവ കൃഷി ചെയ്യുന്നുണ്ട്. മാത്രവുമല്ല മാവ് , പ്ലാവ് എന്നിവ വാർഡ് V ൽ മാത്രമാണ് കൃഷി ചെയ്യുന്നത്.

(b) ഖണ്ഡിക 2.2.7 പ്രകാരം ആഫ്രിക്കൻ മുശി പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ധാരാളമായി വളർത്തുന്നുണ്ട് . ജൈവ വൈവിധ്യത്തിന് ഏറ്റവും ഭീഷണിയായ ആഫ്രിക്കൻ മുശി പഞ്ചായത്തിലെ എല്ലാ വാർഡിലും വളർത്തുന്നതായി കണ്ടെത്തിയിട്ടും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

(c) ഖണ്ഡിക 2.3.14 പ്രകാരം പൂച്ച വാർഡ് VIലും , പട്ടി വാർഡ് Vലും മാത്രമാണ് ഉള്ളത്. ഇത് രജിസ്റ്ററിന്റെ ആധികരികതയില്ലായ്മക്ക് ഉദാഹരണമാണ് .

(vi) രജിസ്റ്ററിൽ ചേർത്തിരിക്കുന്ന 90 % കാര്യങ്ങളും പൊതു വിവരങ്ങൾ മാത്രമാണ്.

(vii) ജൈവ വൈവിധ്യത്തെക്കുറിച്ചും, കാർഷിക, പാരിസ്ഥിതിക മേഖലകളെക്കുറിച്ചും സമഗ്രമായ ഒരു രേഖയാണ് ജൈവ വൈവിധ്യ രജിസ്റ്റർ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് എന്നാണ് ബയോ ഡൈവേഴ്സിറ്റി ബോർഡിന്റെ വെബ് സൈറ്റിൽ നിന്ന് വ്യക്തമാകുന്നത്. എന്നാൽ പ്രസ്തുത മേഖലയിലെ വിദഗ്ധർ അല്ലാത്ത കുടുംബശ്രീ പ്രവർത്തകരെയാണ് വിവര ശേഖരണത്തിന് ഉപയോഗിച്ചിട്ടുള്ളത്. വെറ്ററിനറി സർജന്റെ സഹായം മാത്രമാണ് രജിസ്റ്റർ തയ്യാറാക്കുന്നതിന് തേടിയിട്ടുള്ളത്. കൃഷി വകുപ്പ്, ക്ഷീര വികസന വകുപ്പ് എന്നിവയുടെ ഒന്നും സഹായം തേടിയിട്ടില്ല .

ആധികാരികതയില്ലാതെയും, സമഗ്രമല്ലാതെയും തയ്യാറാക്കിയതിനാൽ പ്രൊജക്ട് ഉദ്ദേശ്യ ലക്ഷ്യം നേടിയില്ല .

## 3-5 അതുല്യം പ്രൊജക്ട് - പാഠപുസ്തകം ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

പത്താം ക്ലാസ്സ് തുല്യത പരീക്ഷക്ക് പരിശീലനം നൽകുന്നതിന് പഞ്ചായത്ത് ആവിഷ്കരിച്ച പ്രൊജക്ടാണ് അതുല്യം.
പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു .

| | |
|---|---|
| പ്രൊജക്ട് | സാക്ഷരത അതുല്യം |
| പ്രൊജക്ട് നം. | S0103/15-16 |
| അടങ്കൽ | 30000/- |
| ചെലവ് | 30000/- |
| ബിൽ നം. | 06/15-16, തീ. 28/10/15 |
| നിർവ്വഹണം | ഹെഡ് മാസ്റ്റർ, ഗവ.യു.പി.എസ്. ആറൂർ |

പ്രൊജക്ടിന്റെ ഭാഗമായി പാഠപുസ്തകം വാങ്ങുന്നതിന് തുക ചെലവഴിച്ചെങ്കിലും അതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. പാഠപുസ്തകവിലയിനത്തിൽ കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർക്ക് താഴെ പറയും പ്രകാരം തുക നൽകി.

| | |
|---|---|
| ചെലവ് തുക | 5000/- |
| ഡി.ഡി. നം. | 072116/28.10.15 |

പാഠപുസ്തകം ലഭിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റ് എൻക്വയറി നമ്പർ 12 മുഖേന ആവശ്യപ്പെട്ടെങ്കിലും കിട്ടിയില്ല. ആയതിനാൽ 5000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 57,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 0 | 57,000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പയുടേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭം തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന നിർമ്മാണം | സ.ഉ.(സാധ) 564/10/ ത.സ്വ.ഭ.വ/ 22.2.2010 | 60,00,000/- | 21,69,624 | 10,66,420 | --- | 11,03,204 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ ധനകാര്യ പത്രിക പ്രകാരം 25,454/- രൂപയുടെ വരവുണ്ട്. ഒറിജിനൽ രസീത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഓഡിറ്റ് റിക്കവറി രജിസ്റ്ററും പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പേർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1998-99 | 46 | 2002-03 | കേട് വന്ന തെങ്ങ് വെട്ടിമാറ്റിയത് സംബന്ധിച്ച്. | 2016 ഫെബ്രുവരി 16 ന് ചേർന്ന ജില്ലാതല ഓഡിറ്റ് മോണിട്ടറിങ്ങ് സമിതി, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റിയുടെ നിർദ്ദേശത്തിന് വിധേയമായി സാധൂകരണത്തിന് ശുപാർശ ചെയ്തിട്ടുണ്ട്. ഇതിനെ തുടർന്ന് 22.3.2016 ൽ പഞ്ചായത്ത് പരാമർശം സാധൂകരിച്ച് ഉത്തരവുണ്ടാകുന്നതിന് അഭ്യർത്ഥിച്ച് എ.ഡി.പി. ഓഫീസ് മുഖാന്തിരം സർക്കാരിലേക്ക് അപേക്ഷിച്ചിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,58,47,108 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 2,71,54,492 |
| വരവിനങ്ങളിലുള്ള നഷ്ടം | 58,000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 31,345 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 40,000 | - | കെ അനിമോൾ , സെക്രട്ടറി |
| 2-2 | 18,000 | - | മധുമോഹൻ , സെക്രട്ടറി |
| 3-1 | - | 25,945 | കെ അനിമോൾ , സെക്രട്ടറി |
| 3-2 | - | 5,400 | ശ്യാമള പി എൻ , ഐ സി ഡി എസ് സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 5000 | രാജു എം കെ , ഹെഡ്മാസ്റ്റർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ അനിമോൾ , സെക്രട്ടറി | സെക്രട്ടറി, വാളകം ഗ്രാമപഞ്ചായത്ത് | ശിവ ശൈലം, പാഴൂർ(പിഒ), പിറവം |
| മധുമോഹൻ , സെക്രട്ടറി | വിരമിച്ചു | ഒട്ടുവഴിക്കൽ , അട്ടൂപ്പറമ്പ് , മൂവാറ്റുപുഴ |
| ശ്യാമള പി എൻ , ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ , പാമ്പാക്കുട ബ്ലോക്ക് | ശ്രേയസ് , മുളക്കുളം നോർത്ത് , നാമക്കുഴി , പിറവം |
| രാജു എം കെ , ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ , ജി എൽ പി എസ് മണ്ണത്തൂർ | മോളേപ്പറമ്പിൽ വീട് , കിഴകൊമ്പ് , കൂത്താട്ടുകുളം |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ (പി2)92/98/17.8.1998 |
| 1997-98 | എൽ.എഫ്.ഇ(പി2)896/2000/28.01.2000 |
| 1998-99 | എൽ.എഫ്.ഇ (പി21629/01/19.03.2002 |
| 1999-2000 | എൽ.എഫ്.ഇ (പി2)242/03/16.06.2003 |
| 2000-2001 | എൽ.എഫ്.ഇ (പി2)1488/03/31.03.2004 |
| 2001-2002 | എൽ.എഫ്.ഇ (പി2)439/2005/03.08.2005 |
| 2002--2003 | |
| 2003-2004 | |
| 2004-2005 | |
| 2005-2006 | എൽ.എഫ്.ഇ (പി1)1572/08/6.10.2009 |
| 2006-2007 | |
| 2007-2008 | എൽ.എഫ്.ഇ (പി9)169/12/24.8.2012 |
| 2008-2009 | |
| 2009-2010 | |
| 2010-2011 | |
| 2011-2012 | എൽ.എഫ്.ഇ (പി9)1587/14/5.11.2014 /11.12.2014 |
| 2012-2013 | എൽ.എഫ്.ഇ (പി9)907/15/ 8.6.15 |
| 2013-14 | |
| 2014 – 15 | എൽ.എഫ്.എ – ഇ കെ എം (പി9)1304/16/ 29.07.2016 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം

## അനുബന്ധം -1

# ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2015-16

നം.കെ.എസ്.എ.-ഇകെഎം(പി9)2228/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
e-mail:doekm.ksad@kerala.gov.in

തീയതി : 30.01.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

# APPENDIX – I

# AUDIT CERTIFICATE – 2015-16

No.KSA-EKM(P.9)2228/2016

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 30.01.2017

Certified that I have audited the Annual Financial Statement of PALAKUZHA Grama Panchayat in Ernakulam District for the Financial Year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of PALAKUZHA Grama Panchayat for the Financial Year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director (H.G.)